
# ഗ്രന്ഥാലോകം

1983

ഡിസംബർ



ലൈബ്രറി സയൻസ് സർട്ടിഫിക്കററ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഗ്രന്ഥശാലാ പ്രവർത്തകർക്കും വേണ്ടി ഗ്രന്ഥാലോകം തയ്യാറാക്കുന്ന 'ലൈബ്രറിശാസ്ത്രവിജ്ഞാനപാഠം' ത്തിലെ അഞ്ചാമത്തെ ലേഖനം.

# ലൈബ്രറി കാററലോഗ് തത്വവും പ്രയോഗവും

**ആർ. രാമൻനായർ**

'കുഞ്ഞുണ്ണിമാഷിന്റെ 'ഊണുതൊട്ടു് ഉറക്കം വരെ' എന്ന പുസ്തകം ഇവിടുണ്ടോ?' ഒരു വായനക്കാരൻ ലൈബ്രേറിയനോടു് ചോദിച്ചു.

'എന്തു പുസ്തകമാണതു്, നോവലാണോ?'

'അല്ല ലേഖനങ്ങളാണു്.'

'എങ്കിൽ ഇവിടുണ്ടാവാൻ സാദ്ധ്യതയില്ല.'

'രഥോത്സവം എന്ന കവിതാസമാഹാരമുണ്ടോ'

ലൈബ്രേറിയൻ കവിതാപുസ്തകങ്ങളിരിക്കുന്ന ഭാഗത്തൊക്കെ കുറേസമയം തിരഞ്ഞുനോക്കി.

'അതും ഇല്ലെന്നാണു് തോന്നുന്നതു്.'

'ഉണ്ടോ ഇല്ലയോ എന്നു് തീർച്ചയില്ല അല്ലേ?'

പിന്നെന്തിനാണു് ലൈബ്രേറിയനെന്നു പറഞ്ഞു് താനിവിടിരിക്കുന്നതെന്ന പുച്ഛഭാവത്തിൽ ഒന്നു നോക്കിയിട്ടു് ആ വായനക്കാരൻ ഇറങ്ങിനടന്നു. ഈ ലൈബ്രേറിയനെ നമുക്കു് കുററം പറയാമോ?

എണ്ണായിരത്തിലധികം മലയാള പുസ്തകങ്ങളുള്ള ഒരു കൊച്ചു ഗ്രന്ഥാലയമാണതു്. അവിടത്തെ ഗ്രന്ഥശേഖരത്തിന്റെ സമ്പൂർണ്ണ വിവരങ്ങളും ഓർമ്മയിൽ വച്ചുകൊണ്ടു് പെട്ടെന്നു്, ഉണ്ടെന്നോ ഇല്ലെന്നോ ഉത്തരം പറയാനും ഉണ്ടെങ്കിൽ വായനക്കാരന്റെ സമയം നഷ്ടപ്പെടുത്താതെ, ഒരു മാന്ത്രികനെപ്പോലെ ഉടനേ ആ പുസ്തകം ഇരിക്കുന്ന ഭാഗത്തു് ചെന്നു് കണ്ണടച്ചു കൊണ്ടു് അതു് എടുത്തുകൊടുക്കാനും ഒരു സാധാരണക്കാരനു് കഴിയില്ല. പക്ഷേ ഇത്തരം വായനക്കാരെ പെട്ടെന്നു് സഹായിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർക്കു് ഗ്രന്ഥാലയത്തിലുള്ള താല്പര്യം നഷ്ടപ്പെടും. മാത്രമല്ല ഗ്രന്ഥാലയം സമൂഹത്തിനുപകരിക്കാത്ത ഒന്നാകുകയും ചെയ്യും. മാന്ത്രികശക്തിയൊന്നും കൂടാതെതന്നെ, ഇത്തരം അന്വേഷണങ്ങൾക്കു് പെട്ടെന്നു് നിഷ്പ്രയാസം ഉത്തരം പറയുവാനും വായനക്കാരൻ ആവശ്യപ്പെടുന്ന പുസ്തകം എവിടെയിരിക്കുന്നു എന്നറിയുവാനുംവേണ്ടി ഗ്രന്ഥാലയശാസ്ത്രം വികസിപ്പിച്ചെടുത്തിട്ടുള്ള ഒരുപാധിയാണു് കാററലോഗ്. ഇവിടെ കാററലോഗ് എന്ന പദം കൊണ്ടുദ്ദേശിക്കുന്നതു് ലൈബ്രറി കാററലോഗിനെയാണു്. ഒരു കാററലോഗ് ഉണ്ടായിരുന്നെങ്കിൽ ആ ലൈബ്രേറിയനു് ഇങ്ങനെ വിഷമിക്കേണ്ടി വരില്ലായിരുന്നു.

ഗ്രന്ഥാലയത്തിലെ വളരെ പ്രധാനപ്പെട്ട ഒരുപാധിയാണു് കാററലോഗ്. ഗ്രന്ഥശേഖരത്തിന്റെ വലിപ്പം കൂടുന്തോറും അതു് ഒഴിച്ചുകൂടാൻ പററാത്ത ഒരുപാധിയായിത്തീരുന്നു. കാററലോഗ് ഇല്ലാത്ത ഒരു ലൈബ്രറി ആസൂത്രണം ചെയ്യാത്ത ഒരു നഗരംപോലെയോ ഭൂപടമില്ലാത്ത രാജ്യംപോലെയോ ആണെന്നൊക്കെ പറയാറുണ്ടു്. ഒരു രാജ്യത്തെ പ്രധാന സ്ഥലങ്ങളും, ഓരോയിടത്തേയ്ക്കുമെത്തേണ്ട വഴി ഇവയൊക്കെ നമ്മുടെ കൈവശം ഒരു ഭൂപടമുണ്ടെങ്കിൽ പെട്ടെന്നു മനസ്സിലാക്കാം. അതുപോലെ ലൈബ്രറിക്കകത്തെ പുസ്തകങ്ങളെക്കുറിച്ചും അവയുടെ സ്ഥാനങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ കാററലോഗ് നമ്മെ സഹായിക്കുന്നു. ഒരു ഗ്രന്ഥാലയത്തിലെ പുസ്തകശേഖരത്തിന്റെ താക്കോലാണു് കാററലോഗ്.

കഴിഞ്ഞ ലേഖനത്തിൽ കണ്ടതുപോലെ പുസ്തകവർഗ്ഗീകരണം പുസ്തകങ്ങളെ വിഷയങ്ങളനുസരിച്ചു് ഷെൽഫിൽ ക്രമീകരിക്കുന്നു. അപ്പോൾ പ്രതിപാദ്യവിഷയം അനുസരിച്ചു് പുസ്തകം അന്വേഷിക്കുന്നവർക്കു് ഈ ക്രമീകരണം മാത്രം മതി തൃപ്തിയാവാൻ കേരള ചരിത്രത്തിലെ പുസ്തകങ്ങൾ തിരയുന്നവർക്കു് ഷെൽഫിൽ ആ ഭാഗം കാട്ടിക്കൊടുത്താൽ മതിയാവും. പക്ഷേ എല്ലാ വായനക്കാരും പുസ്തകം അന്വേഷിക്കുന്നതു് വിഷയം അനുസരിച്ചായിരിക്കില്ല. കുറേപ്പേർക്കു് വിലാസിനിയുടെ ഏതൊക്കെ പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ടെന്നറിയണം. മററാരാൾക്കു് 'നെല്ലു്' എന്ന നോവലുണ്ടോ എന്നറിയണം. ആരെഴുതിയതെന്നൊന്നും അയാൾക്കറിയില്ല. പിന്നെ വിവർത്തകന്റെ പേരോ, വ്യാഖ്യാതാവിന്റെ പേരോ, സംയോജകന്റെ പേരോ ഒക്കെ പറഞ്ഞു് ചോദിച്ചുകൂടെന്നില്ല. ഇതിനെല്ലാം പെട്ടെന്നു് ഉത്തരം പറയാനും ഗ്രന്ഥാലയത്തിലെ ഷെൽഫുകളിൽ ഒരു പ്രത്യേക പുസ്തകത്തിന്റെ സ്ഥാനം പറഞ്ഞുതരാനും ലൈബ്രറി കാററലോഗിനു് മാത്രമേ കഴിയൂ.

ഉപയോഗക്ഷമമായ ഒരു ലൈബ്രറി കാററലോഗ് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് പെട്ടെന്നു് ഉത്തരം നൽകണം എന്നു് പ്രൊഫസർ

രംഗനാഥനും മററു ഗ്രന്ഥാലയ ശാസ്ത്രകാരന്മാരും പറയുന്നു.

1. ഒരു പ്രത്യേക ഗ്രന്ഥകാരന്റെ ഒരു പ്രത്യേക പുസ്തകം ഈ ഗ്രന്ഥാലയത്തിലുണ്ടോ?

   ഉദാ: മാടമ്പു കുഞ്ഞുകുട്ടന്റെ ഭ്രഷ്ട് ഇവിടുണ്ടോ?

2. ഒരു പ്രത്യേക ഗ്രന്ഥകർത്താവിന്റെ ഏതെല്ലാം പുസ്തകങ്ങളാണിവിടെ ഉള്ളത്?

   ഉദാ: മുകുന്ദന്റെ ഏതെല്ലാം പുസ്തകങ്ങളിവിടുണ്ട്?

3. ഒരു പ്രത്യേക ശീർഷകമുള്ള പുസ്തകം ഇവിടുണ്ടോ?

   ഉദാ: ശേഷക്രിയ എന്ന പുസ്തകം ഇവിടുണ്ടോ?

4. ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള ഏതെല്ലാം പുസ്തകങ്ങൾ ഇവിടുണ്ട്?

   ഉദാ: പരിസ്ഥിതിയെക്കുറിച്ച് എന്തൊക്കെ പുസ്തകങ്ങളിവിടുണ്ട്?

5. ഒരു പ്രത്യേക ഗ്രന്ഥാവലിയിൽപ്പെട്ട.......പുസ്തകം ഇവിടുണ്ടോ? അല്ലെങ്കിൽ ആ ഗ്രന്ഥാവലിയിൽപ്പെട്ട ഏതൊക്കെ പുസ്തകങ്ങൾ ഇവിടുണ്ട്?

6. .... ആൾ വിവർത്തനം ചെയ്ത, വ്യാഖ്യാനിച്ച അല്ലെങ്കിൽ സംയോജിപ്പിച്ച പുസ്തകം ഇവിടുണ്ടോ?

അപ്പോൾ ഇത്തരം അന്വേഷണങ്ങൾക്ക് ഉത്തരം പറയുക എന്ന ഉദ്ദേശത്തോടുകൂടിയാണ് നമ്മൾ ലൈബ്രറി കാററലോഗുണ്ടാക്കേണ്ടത്. ഗ്രന്ഥകാരനാമങ്ങൾ, ഗ്രന്ഥനാമങ്ങൾ, വിവർത്തകരുടെ—വ്യാഖ്യാതാക്കളുടെ, സംയോജകരുടെ ഒക്കെ നാമങ്ങൾ, വിഷയനാമങ്ങൾ എന്നിവയിലൊക്കെ ആരംഭിക്കുന്ന ഓരോ പുസ്തകത്തിനും ആവശ്യമായ രേഖകൾ കാററലോഗിൽ ഉണ്ടെങ്കിലേ ഈ ആവശ്യം നിറവേററുകയുള്ളു.

## കാററലോഗിന്റെ ബാഹ്യരൂപം

രണ്ടുതരം കാററലോഗുകളാണ് സാധാരണ കാണാറുള്ളത്. പുസ്തകരൂപത്തിൽ അച്ചടിച്ച കാററലോഗും, കാർഡുകളിൽ എഴുതി 'കാററലോഗ് കാബിനററി'ലെ വലിപ്പുകളിൽ വേണ്ട രീതിയിൽ ഫയൽചെയ്തു വയ്ക്കുന്ന കാർഡ് കാററലോഗും.

ഗ്രന്ഥകർത്താവിന്റെ പേരിന്റേയോ, അല്ലെങ്കിൽ പുസ്തകത്തിന്റെ പേരിന്റെയോ, ഏതെങ്കിലും ഒന്നിന്റെ അകാരാദിക്രമത്തിൽ ആയിരിക്കും പുസ്തകരൂപത്തിലുള്ള കാററലോഗ് നിർമ്മിച്ചിരിക്കുക. അപ്പോൾ ഗ്രന്ഥകാരനാമത്തിന്റെ ക്രമത്തിലാണ് ഇതു നിർമ്മിച്ചിരിക്കുന്നതെങ്കിൽ പുസ്തകത്തിന്റെ ശീർഷകം മാത്രം അറിയാവുന്ന ആൾക്ക് പുസ്തകം ഉണ്ടോ എന്ന് കണ്ടുപിടിക്കാൻ ഈ കാററലോഗ് ഉപകരിക്കില്ല. പിന്നെ വിഷയം, വിവർത്തകൻ തുടങ്ങിയവവെച്ച് പുസ്തകം അന്വേഷിക്കാൻ പററില്ല. അതിന് കഴിയണമെങ്കിൽ വളരെ വിശദമായ സൂചികകൾ തയ്യാറാക്കി അതും അച്ചടിക്കണം. എങ്കിൽത്തന്നെ ലൈബ്രറിയിലെ ഗ്രന്ഥശേഖരം വർദ്ധിക്കുന്നതിനോടൊപ്പം പുതിയ പുസ്തകങ്ങളെക്കുറിച്ചുള്ള രേഖകൾ ഈ കാററലോഗിൽ യഥാസ്ഥാനത്ത് കൂട്ടിച്ചേർക്കുക? സാദ്ധ്യമല്ല. അതിന് ഈ കാററലോഗിന്റെ പുതിയ പതിപ്പ് വരുന്നതുവരെ കാത്തിരിക്കേണ്ടിവരും. ഇതിനൊക്കെ ചിലവ് വളരെക്കൂടുതലുമാണ്. കാററലോഗ് പ്രിൻറിംഗിന് അയച്ച ഉടൻതന്നെ പഴഞ്ചനാവുകയും ചെയ്യും.

പുസ്തക കാററലോഗിൻെറ പോരായ്മകളൊക്കെ പരിഹരിച്ചുകൊണ്ട് ഗ്രന്ഥാലയശാസ്ത്രം വികസിപ്പിച്ചെടുത്ത ഒന്നാണ് കാർഡ് കാററലോഗ്. പുസ്തക കാററലോഗ് അച്ചടിക്കുന്നതിനും അപ്പോഴപ്പോൾ, അതു റിവൈസ് ചെയ്യുന്നതിനും വേണ്ടിവരുന്ന ചിലവുകളുമായി താരതമ്യപ്പെടുത്തിയാൽ കാർഡ് കാററലോഗിന് ചിലവ് വളരെക്കുറവാണെന്നുവേണം കരുതുവാൻ. കാർഡ് കാററലോഗിൽ, ഗ്രന്ഥവിവരണങ്ങൾ ഒരേ വലിപ്പത്തിലുള്ള കാർഡുകളിൽ രേഖപ്പെടുത്തി അവയെ വേണ്ട ക്രമത്തിൽ കാററലോഗ് കാബിനററിലെ വലിപ്പുകളിൽ അടുക്കിവയ്ക്കുന്നു. ലൈബ്രറിയിൽ പുതിയതായി വാങ്ങുന്ന ഓരോ പുസ്തകത്തിൻെറയും രേഖകളടങ്ങിയ വിവിധ കാർഡുകൾ അവയുടെ ക്രമമനുസരിച്ച് യഥാസ്ഥാനങ്ങളിൽ അതതു സമയത്ത് ഫയൽ ചെയ്യാൻ കഴിയും എന്നതാണ് കാർഡ് കാററലോഗിൻെറ സവിശേഷത. ഇതുപോലെ വേണ്ടാത്ത രേഖകൾ നീക്കം ചെയ്യാനും എളുപ്പമാണ്. അതായത് പ്രത്യേകിച്ച് റിവൈസ് ചെയ്യാതെതന്നെ ഈ കാററലോഗ് എന്നും പുതിയതായിരിക്കും.

നല്ല കട്ടിക്കടലാസ്സിൽ നിർമ്മിക്കുന്ന ഈ കാററലോഗ് കാർഡുകൾക്ക് അഞ്ചിഞ്ചു നീളവും മൂന്നിഞ്ച് വീതിയുംവേണം. കാർഡുകളുടെ താഴെ മദ്ധ്യത്തുള്ള ദ്വാരത്തിലൂടെ കമ്പിയിട്ട് ഈ കാർഡുകളെ ഇളകിപ്പോകാത്ത വിധം കാററലോഗ് കാബിനററിലെ വലിപ്പുകളിൽ സൂക്ഷിക്കാൻ കഴിയും.

ഗ്രന്ഥാലയം നിലനിൽക്കുന്നിടത്തോളം ഉപയോഗിക്കേണ്ട ഒന്നാണ് കാററലോഗ്. അതുകൊണ്ട് കാർഡുകളിൽ വളരെ ശ്രദ്ധിച്ച് നല്ല കൈയക്ഷരത്തിൽ എഴുതണം. അലങ്കാരങ്ങൾ ഒന്നും പാടില്ല. മാത്രമല്ല കാററലോഗിന് വേണ്ടി പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള സ്റ്റാൻേറർഡ് സൈസിലുള്ള കാബിനററും കാർഡുകളും തന്നെ വാങ്ങണം. ഇതു് ഗ്രന്ഥാലയോപകരണങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ എപ്പോഴും ലഭ്യമാണ്. ഇവ തെരഞ്ഞെടുക്കുന്നതിലോ രേഖകൾ തയ്യാറാക്കുന്നതിലോ ഒരിക്കൽ പററിയ തെററുകൾ തിരുത്തുക അത്ര എളുപ്പമല്ല.

## കാററലോഗിൻെറ ആന്തരികരൂപം

കാററലോഗിൽ രേഖകൾ ക്രമീകരിച്ചിരിക്കുന്ന രീതിയനുസരിച്ച് കാററലോഗിനെ പ്രധാനമായി രണ്ടായി തിരിക്കാം. ഒന്ന്. നിഘണ്ടുരൂപ കാററലോഗ് (Dictionary Catalogue). രണ്ട്. വർഗ്ഗീകൃത കാററലോഗ് (Classified Catalogue).

## ഡിക്ഷനറി കാററലോഗ്

ഡിക്ഷനറി കാററലോഗിൽ ഗ്രന്ഥകാരൻ, ഗ്രന്ഥനാമം, വിഷയം, വിവർത്തകൻ എന്നിങ്ങനെയുള്ള സൂചനകളിൽ തുടങ്ങുന്ന കാർഡുകളെല്ലാം കലർത്തി ഒരു ഡിക്ഷനറിയിൽ വാക്കുകൾ ക്രമീകരിച്ചിരിക്കുന്ന അതേ രീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

ഉദാ:

അടിയറവ്
അനലിററിക്കൽ കെമിസ്ട്രി
ആനവേട്ടക്കാരൻ

ഊഞ്ഞതൊട്ട് ഉറക്കം വരെ
ഓർഗാനിക് കെമിസ്ട്രി
കുഞ്ഞിരാമൻനായർ

| | |
|---|---|
| ആനന്ദ് | കുഞ്ഞുണ്ണി |
| ഇൻഓർഗാനിക് കെമിസ്ട്രി | കെമിസ്ട്രി |
| ഇണങ്ങാത്ത കണ്ണികൾ | ഗണിതം |
| ഉണ്ണായിവാര്യർ | ഗുണ്ടർട്ട്, ഹെർമൻ |

കാർഡുകളുടെ ആദ്യവരികളിൽ മുകളിൽ കണ്ടത്. ഒരു ഡിക്ഷനറി നോക്കാനറിയാവുന്ന ഏതൊരാൾക്കും ഇത്തരം ഡിക്ഷനറി കാററലോഗ് നോക്കി പുസ്തകങ്ങൾ തെരഞ്ഞെടുക്കാനും കഴിയും.

അക്ഷരമാലാക്രമത്തിൽ ഫയൽചെയ്യുമ്പോൾ പരസ്പരബന്ധമുള്ള വിഷയങ്ങൾ പല സ്ഥലങ്ങളിലായി ചിതറിപ്പോകുന്നു എന്നതാണ് ഈ കാററലോഗിന്റെ ദൂഷ്യം. ഉദാഹരണത്തിന് കെമിസ്ട്രിയുടെ ഉപവിഭാഗങ്ങളാണ് ഫിസിക്കൽ കെമിസ്ട്രിയും അനലററിക്കൽ കെമിസ്ട്രിയും ഓർഗാനിക് കെമിസ്ട്രിയും ബയോ കെമിസ്ട്രിയും ഒക്കെ. അക്ഷരക്രമമനുസരിച്ച് കാർഡ് ഫയൽ ചെയ്യുമ്പോൾ അനലററിക്കൽ കെമിസ്ട്രി 'അ'യിലും ഓർഗാനിക് കെമിസ്ട്രി 'ഒ'യിലും ഇൻഓർഗാനിക് കെമിസ്ട്രി 'ഇ'യിലും കെമിസ്ട്രി അതായത് കെമിസ്ട്രിയിലെ ജനറൽ ബുക്കുകൾ വരുന്ന വിഭാഗം 'ക'യിലും പോകുന്നു. അനലററിക്കൽ കെമിസ്ട്രിക്കും ഇൻഓർഗാനിക് കെമിസ്ട്രിക്കും ഇടയിൽ മറെറത്രയോ രേഖകൾ കയറിപ്പററും. പിന്നെയും എത്രയോ രേഖകൾക്കു ശേഷമാണ് കെമിസ്ട്രിയിലെ ജനറൽ പുസ്തകങ്ങൾ വരുക. ഒരു കെമിസ്ട്രി വിദ്യാർത്ഥിക്ക് കെമിസ്ട്രിയിലെ എല്ലാ പുസ്തകങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ അടുത്തടുത്ത് കിട്ടുകയാണ് സൗകര്യം. മാത്രമല്ല ജനറൽ പുസ്തകങ്ങൾ ആദ്യം കാണാൻ കഴിയുകയും വേണം.

ഡിക്ഷ്നറി കാററലോഗിന്റെ ഈ ദൂഷ്യം ക്ളാസിഫൈഡ് കാററലോഗിനില്ല. ഇൻഡ്യയിൽ, സ്പെഷ്യൽ ലൈബ്രറികളൊഴിച്ച് ബാക്കിയുള്ളവയിൽ ഭൂരിപക്ഷം ഗ്രന്ഥാലയങ്ങളും ക്ളാസിഫൈഡ് കാററലോഗ് ആണ് തയ്യാറാക്കിയിട്ടുള്ളത്. തിരുവനന്തപുരത്ത് പബ്ലിക് ലൈബ്രറിയിലും യൂണിവേഴ്സിററി ലൈബ്രറിയിലും ഈ കാററലോഗ് കാണാം. മലയാളത്തിൽ ഇതിനെ വർഗ്ഗീകൃത കാററലോഗ് എന്നാണ് പറയാറ്. പക്ഷേ പരക്കെ അറിയപ്പെടുന്ന ക്ളാസിഫൈഡ് കാററലോഗ് എന്ന ഇംഗ്ലീഷ് പദം തന്നെ നമുക്കും ഉപയോഗിക്കാം.

## ക്ളാസിഫൈഡ് കാററലോഗ്

ക്ലാസിഫൈഡ് കാററലോഗിനു രണ്ടു ഭാഗങ്ങളുണ്ട്. വർഗ്ഗീകൃത വിഭാഗവും (Classified part) അകാരാദി വിഭാഗവും (Alphabetical part) വർഗ്ഗീകൃത വിഭാഗത്തിൽ രേഖകൾ ക്രമീകരിക്കുന്നത് ലൈബ്രറി സ്വീകരിച്ചിരിക്കുന്ന വർഗ്ഗീകരണ പദ്ധതി അനുസരിച്ചാണ്. അതായത് വർഗ്ഗീകൃതവിഭാഗത്തിലെ കാർഡുകളുടെ മുകളററത്ത് കൊടുത്തിട്ടുള്ള സൂചനാചിഹ്നങ്ങളനുസരിച്ചാണ്. ഈ സൂചനാചിഹ്നങ്ങളനുസരിച്ചാണല്ലോ ഷെൽഫുകളിൽ പുസ്തകങ്ങളും ക്രമീകരിച്ചിരിക്കുന്നത്. അപ്പോൾ കാർഡുകളും, ഷെൽഫിൽ പുസ്തകം വച്ചിരിക്കുന്ന ക്രമത്തിൽതന്നെ വരും. കാററലോഗിന്റെ ഈ വർഗീകൃത വിഭാഗത്തിൽനിന്നും നിങ്ങൾക്ക് കെ. എൻ. ഗോപാലപിള്ള

യുടെ 'ആർഗാനൺ' എന്ന പുസ്തകം കണ്ടു പിടിക്കണമെന്നിരിക്കട്ടെ. പുസ്തകത്തിന്റെ പ്രതിപാദ്യവിഷയം അറിഞ്ഞാലെ പററുകയുള്ളു. വിഷയം അറിഞ്ഞാലും പോരാ, ആ വിഷയത്തിനു്, ലൈബ്രറി ഉപയോഗിക്കുന്ന വർഗ്ഗീകരണപദ്ധതിയിലെ സൂചനാചിഹ്നവും അറിഞ്ഞിരിക്കണം. സൂചനാചിഹ്നം അനുസരിച്ചാണല്ലോ ഈ വിഭാഗത്തിലെ കാർഡുകളും ഫയൽ ചെയ്തിട്ടുള്ളതു്. ഗ്രന്ഥകാരന്റെ പേരോ, ശീർഷകമോ വച്ചൊന്നും വർഗ്ഗീകൃതവിഭാഗത്തിൽ നിന്നും പുസ്തകം കണ്ടുപിടിക്കാൻ കഴിയില്ല. അവ മാത്രമറിയുന്നവർ നോക്കേണ്ടതു് ക്ലാസിഫൈഡ് കാററലോഗിന്റെ അകാരാദി വിഭാഗത്തിലാണു്.

അകാരാദി വിഭാഗത്തിൽ ഗ്രന്ഥകാരന്റെ പേരിലും ഗ്രന്ഥനാമത്തിലും, വിവർത്തകർ, വ്യാഖ്യാതാക്കൾ, ഗ്രന്ഥമാല, സംയോജകർ തുടങ്ങിയവരുടെ പേരിലും വിഷയത്തിലും ഒക്കെത്തുടങ്ങുന്ന രേഖകൾ ഡിക്ഷ്നറി കാററലോഗിലെപ്പോലെ അക്ഷരക്രമത്തിൽ അടുക്കിയിരിക്കുന്നു. പ്രതിപാദ്യവിഷയംവച്ചു് ഈ വിഭാഗത്തിൽ പുസ്തകം അന്വേഷിക്കുന്ന വായനക്കാരനെ വിഷയസൂചകരേഖ, വർഗ്ഗീകൃതവിഭാഗത്തിലെ ആ വിഷയത്തിന്റെ രേഖകൾ ഉള്ള ഭാഗത്തേക്കു് തിരിച്ചുവിടുന്നു. അവിടെ ആ വിഷയത്തിലെ എല്ലാ പുസ്തകങ്ങളെക്കുറിച്ചുമുള്ള രേഖകൾ ഒരുമിച്ചു കാണാം. മാത്രമല്ല ഇരുവശങ്ങളിലും അതിനോടു ബന്ധപ്പെട്ട മററു വിഷയങ്ങളെക്കുറിച്ചുള്ള രേഖകളുമുണ്ടാവും.

## ക്ലാസിഫൈഡ് കാററലോഗ് നിർമ്മാണം

ഓരോ പുസ്തകങ്ങളുടെയും, അന്വേഷിക്കപ്പെടാൻ സാദ്ധ്യതയുള്ള വിവിധ സ്വഭാവങ്ങളിൽ തുടങ്ങുന്ന രേഖകളൊക്കെക്കൂടി വേണ്ട രീതിയിൽ ഒരുമിച്ചു് ക്രമീകരിക്കുമ്പോഴാണു് കാററലോഗാകുന്നതു്. ഒരു പുസ്തകത്തിനു് എത്ര രേഖകൾ അല്ലെങ്കിൽ കാർഡുകൾ തയ്യാറാക്കേണ്ടി വരുമെന്നതു് പുസ്തകത്തിന്റെ സ്വഭാവമനുസരിച്ചിരിക്കും. എല്ലാ പുസ്തകത്തിനും കുറഞ്ഞതു് മൂന്നു കാർഡ് വേണ്ടിവരും.

### വർഗ്ഗീകൃത വിഭാഗം

ക്ലാസിഫൈഡ് കാററലോഗ് അനുസരിച്ചു് ഒരു പുസ്തകത്തിനു് തയ്യാറാക്കുന്ന രേഖകളിൽ വർഗ്ഗീകൃത വിഭാഗത്തിൽ ഫയൽ ചെയ്യേണ്ടതു് പ്രധാന രേഖ (Main Entry) മാത്രമാണു്.

#### പ്രധാന രേഖ

പ്രധാന രേഖ ആരംഭിക്കുന്നതു് പ്രതിപാദ്യവിഷയത്തിന്റെ വർഗ്ഗനമ്പരോടെയാണു്. ഈ നമ്പരിന്റെ ക്രമത്തിലാണു് ഈ രേഖ വർഗ്ഗീകൃത വിഭാഗത്തിൽ ഫയൽ ചെയ്യേണ്ടതു്. ഒരു പുസ്തകത്തിനു് ഒരു പ്രധാന രേഖ കാണും. പുസ്തകത്തിന്റെ എല്ലാ വിവരങ്ങളും എഴുതാവുന്ന രേഖ(കാർഡ്) ആണിതു്. മാത്രമല്ല ഈ കാർഡിന്റെ പുറകിൽ ആ പുസ്തകത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മററു കാർഡുകളുടെ വിവരങ്ങളും എഴുതണം. പ്രധാന രേഖയുടെ ഉദാഹരണങ്ങൾ.

| | | |
|---|---|---|
| | V | 212 LO |
| | | ശ്രീധരമേനോൻ (എ) |
| | | കേരള ചരിത്രം |
| | 25 | 845 — O |

| | | |
|---|---|---|
| | O | 111, 3 H1 |
| | | സ്റ്റോക്കർ (ബ്രാം) |
| | | കനകാഭരണം, വിവർത്ത |
| | നം: | കെ. വി. രാമകൃഷ്ണൻ |
| | 28 | 732 O |

പ്രധാന രേഖയിൽ പുസ്തക വിവരങ്ങൾ ചേർക്കേണ്ട ക്രമം:

1. കാർഡിന്റെ മുകളിൽ ആദ്യലൈനിൽ ഒന്നാം മാർജിനിൽനിന്നു തുടങ്ങുന്ന വർഗ്ഗ നമ്പർ.
2. രണ്ടാമത്തെ വരിയിൽ രണ്ടാം മാർജിനിൽനിന്നും തുടങ്ങുന്ന ഗ്രന്ഥകാരന്റെ പേരു്. ഗ്രന്ഥകാരന്റെ പേരിന്റെയോ, പേരുകളുടെയോ തുടർച്ച അടുത്ത വരികളിൽ ഒന്നാം മാർജിൻ മുതൽ എഴുതണം.
3. ഗ്രന്ഥകാരനാമം തീരുന്നതിനു് അടുത്ത വരിയിൽ രണ്ടാം മാർജിനിൽ നിന്നും തുടങ്ങുന്ന ശീർഷകം, ശീർഷകത്തിന്റെ തുടർച്ചയായി വിവർത്തകർ, വ്യാഖ്യാതാക്കൾ തുടങ്ങിയവരെക്കുറിച്ചുള്ള വിവരങ്ങൾ.
4. കാർഡിന്റെ അവസാനത്തെ വരിയിൽ രണ്ടാം മാർജിനിൽനിന്നും തുടങ്ങി സ്റ്റോക്കു് നമ്പർ.

## അകാരാദി വിഭാഗം

വിഷയത്തിന്റെ വർഗ്ഗനമ്പർ അറിയാതെ വിഷയനാമംകൊണ്ടോ അല്ലെങ്കിൽ ഗ്രന്ഥനാമമോ ഗ്രന്ഥകാരന്റെ നാമമോകൊണ്ടോ വർഗ്ഗനമ്പർ അന്വ

സരിച്ച് ക്രമീകരിച്ചിരിക്കുന്ന വർഗ്ഗീകൃതരേഖകളിൽനിന്നും ഒരു പുസ്തകം കണ്ടുപിടിക്കാൻ സാദ്ധ്യമല്ലല്ലോ. അപ്പോൾ ഗ്രന്ഥകാരൻ, ഖിവർത്തകൻ, ഗ്രന്ഥനാമം, പ്രതിപാദ്യവിഷയം എന്നിവയിൽ ആരംഭിക്കുന്ന ഉപരേഖകളടങ്ങിയ ഒരു അകാരാദി വിഭാഗം ആവശ്യമായി വരുന്നു. ഈ ഉപരേഖകൾ കലർത്തി അകാരാദിവിഭാഗത്തിൽ നിഘണ്ടുവിലെപ്പോലെ ക്രമീകരിച്ചിരിക്കുന്നു.

ഓരോ ഉപരേഖയും ഏതു വിധത്തിലാണ് നിർമ്മിക്കേണ്ടതെന്ന് നോക്കണം.

1. ഗ്രന്ഥകാരസൂചനരേഖ—ഒന്നാമത്തെ വരിയിൽ ഒന്നാം മാർജിനിൽ നിന്നും ഗ്രന്ഥകാരന്റെ പേര്. അടുത്തവരിയിൽ രണ്ടാം മാർജിനിൽ നിന്നും ശീർഷകം. അതിനു താഴെ വർഗ്ഗനമ്പർ. ഉത്രയുമായാൽ ഗ്രന്ഥകാരസൂചനാരേഖയുടെ കാർഡ് തയ്യാറായി.

| | | |
|---|---|---|
| | ശ്രീ | ധരമേനോൻ (എ) |
| | | കേരള ചരിത്രം |
| | | V 212 LO |
| | | O |

2. ശീർഷക സൂചനാരേഖ—ഒന്നാംവരിയിൽ ഒന്നാം മാർജിനിൽ നിന്നും ശീർഷകം. അടുത്ത വരിയിൽ രണ്ടാം മാർജിനിൽനിന്നും ഗ്രന്ഥകാരനാമം. താഴെ വർഗ്ഗ നമ്പർ.

| | | |
|---|---|---|
| | കേ | രളം ചരിത്രം |
| | | ശ്രീധരമേനോൻ (എ) |
| | | V 212 LO |
| | | O |

(തുടരും)

ലൈബ്രറി സയൻസ് സർട്ടിഫിക്കററ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഗ്രന്ഥശാലാ പ്രവർത്തകർക്കും വേണ്ടി ഗ്രന്ഥാലോകം തയ്യാറാക്കുന്ന 'ലൈബ്രറിശാസ്ത്രവിജ്ഞാനപാഠ'ത്തിലെ അഞ്ചാമത്തെ ലേഖനം.

# ലൈബ്രറി കാററലോഗ് തത്വവും പ്രയോഗവും

(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)


**ആർ. രാമൻനായർ**


3. വർഗ്ഗസൂചനരേഖ—വർഗ്ഗസൂചനരേഖ ഒരു വിഷയത്തിന് ഒരിക്കൽ തയ്യാറാക്കിയാൽ മതിയാവും. കേരള ചരിത്രത്തിലെ, ആദ്യം കാററലോഗ് ചെയ്യുന്ന പുസ്തകത്തിന് ഈ രേഖ തയ്യാറാക്കുമല്ലോ. പിന്നെ ആ വിഷയത്തിൽ കാററലോഗ് ചെയ്യുന്ന പുസ്തകങ്ങൾക്കൊന്നുംതന്നെ കേരളം, ചരിത്രം എന്നീ രേഖകൾ തയ്യാറാക്കേണ്ടതില്ല.

ചരിത്രം

ഈ വിഷയത്തിലേയും ഇതിനോട് ബന്ധപ്പെട്ട വിഷയങ്ങളിലെയും പുസ്തകങ്ങൾക്ക് വർഗ്ഗീകൃതവിഭാഗത്തിലെ താഴെ കൊടുത്തിരിക്കുന്ന വർഗ്ഗനമ്പർ കാണുക.

V

കേരളം, ചരിത്രം

ഈ വിഷയത്തിലേയും ഇതിനോട്ട് ബന്ധപ്പെട്ട വിഷയങ്ങളിലേയും പുസ്തകങ്ങറംക്ക് വർഗ്ഗീകൃതവിഭാഗത്തിലെ താഴെ കൊട്ടത്തിരിക്കുന്ന വർഗ്ഗ നമ്പർ കാണുക.

V 212

4. മററു് ഉപരേഖകറം—വിവർത്തകൻ, വ്യാഖ്യാതാവു്, സമ്പാദകൻ, സമാഹർത്താവു് മുതലായവർക്കു്

ദാമോദരൻ (എൻ. കെ), വിവ.

ഡോസ്റ്റോയ്‌വ്സ്കി: മരി
ച്ച വീട്ടു്

O LO

5. ഗ്രന്ഥപരമ്പരയ്ക്കു്:

മഹച്ചരിതമാല.

16 ദാമോദരൻനായർ:
എബ്രഹാം ലിങ്കൺ.

V 73 M 3

ഇങ്ങനെ നിർമ്മിക്കുന്ന ഉപരേഖകറം എല്ലാംകൂടി കലർത്തി അക്ഷരമാലാക്രമത്തിൽ ഫയൽ ചെയ്യുമ്പോറം ക്ളാസിഫൈഡ് കാററലോഗിൻെറ അകാരാദിവിഭാഗം ആകുന്നു. നാം ഇപ്പോറം തയ്യാറാക്കിയവയും മററു കുറേ കാർഡുകളും കൂടി ക്രമീകരിച്ചുനോക്കാം.

(കാർഡുകളുടെ ആദ്യവരികറം)

| | |
|---|---|
| ആവിലായിലെ സൂര്യോദയം | ഡോസ്റ്റോയ്‌വ്സ്കി |
| ഇന്ത്യാ ചരിത്രം | ദാമോദരൻ |
| കനകാഭരണം | നോവൽ, മലയാളസാഹിത്യം |
| കേരളചരിത്രം | നോവൽ, രഷ്യൻസാഹിത്യം |
| കോളിൻസ് (ലാരി) | മരിച്ചവീട്ടു് |
| ഖസാക്കിൻെറ ഇതിഹാസം | മലയാളസാഹിത്യം |
| ചരിത്രം | മാർത്താണ്ഡവർമ്മ |

## ഗ്രന്ഥകാരനാമം

പേരുകളുടെ ഘടന പല സ്ഥലങ്ങളിലും പല വിധത്തിലായിരിക്കും. ചിലർ ശരിയായ പേരുമാത്രം ഉപയോഗിക്കുന്നു. ഉദാ. സി. രാധാകൃഷ്ണൻ, സി. വി. രാമൻപിള്ള. ചിലർ അതിനോട് വീട്ടുപേര്, സ്ഥലനാമം, ജാതിപ്പേര് മുതലായവ ചേർത്തുപയോഗിക്കുകയോ അതിൽമാത്രം അറിയപ്പെടുകയോ ചെയ്യുന്നു. ഉദാ. നാലപ്പാട്ട് നാരായണമേനോൻ, കടമ്മനിട്ട രാമകൃഷ്ണൻ, കെ. എം. പണിക്കർ, ഇളംകുളം, തകഴി. ഇനി അക്ഷരങ്ങൾ മാത്രം ഉപയോഗിക്കുന്നവരുണ്ട്. ഉദാ: എം. ആർ. ബി, വി. കെ. എൻ. പിന്നെ തൂലികനാമം സ്വീകരിച്ചിട്ടുള്ളവരുണ്ട്. ഉദാ: ഇന്ദുചൂഡൻ, വിലാസിനി, മാടമ്പ് കുഞ്ഞുകുട്ടൻ.

ഗ്രന്ഥകാരനാമങ്ങളുടെ ഈ സങ്കീർണ്ണതകൾ കാററലോഗ് ഉണ്ടാക്കുന്ന ആളിനെ കുഴപ്പത്തിലാക്കുന്നു. ഗ്രന്ഥകാരന്റെ ഏതു പേരാണ് കാർഡിൽ എഴുതാൻ ഉപയോഗിക്കേണ്ടതു് എന്ന സംശയംവരുന്നു. അതു് എങ്ങനെയാണെടുക്കേണ്ടതു് എന്നു ചിന്തിക്കേണ്ടിവരുന്നു. ഗ്രന്ഥകാരന്റെ ഒരു പേരോ അതിന്റെ ഭാഗങ്ങളോ ഒരിക്കൽ ഒരു പ്രത്യേക രീതിയിൽ എഴുതിക്കഴിഞ്ഞാൽ, പിന്നെ ആ ഗ്രന്ഥകാരന്റെ ഏതു കൃതിക്കു് കാർഡ് തയ്യാറാക്കേണ്ടിവന്നാലും പേരിന്റെ ആദ്യം എഴുതിയ രൂപംതന്നെ സ്വീകരിക്കണം. മാടമ്പ് കുഞ്ഞുകുട്ടന്റെ ഒരു പുസ്തകം മാടമ്പ് കുഞ്ഞുക്കുട്ടനിലും, വേറൊന്നു കുഞ്ഞുകുട്ടനിലും ഇനിയുമൊന്നു അദ്ദേഹത്തിന്റെ ശങ്കരൻ നമ്പൂതിരി എന്ന ശരിയായ പേരിലും എഴുതിയാൽ ആ ഗ്രന്ഥകാരന്റെ കൃതികളെക്കുറിച്ചുള്ള വിവരങ്ങൾ പല സ്ഥലങ്ങളിലായി ചിതറിപ്പോകും. കാററലോഗ് ഉപയോഗശൂന്യമാകും. ഇതു് പരിഹരിക്കുവാൻ ചില ലഘുവായ നിയമങ്ങൾ കാററലോഗ് നിർമ്മിക്കുന്നയാൾ അനുസരിച്ചേപററൂ.

1. ഗ്രന്ഥകാരന്റെ വ്യക്തിനാമത്തിൽ പേരു തുടങ്ങണം.

ഉദാ: കുഞ്ഞൻപിള്ള (ഇളംകുളം)
രാമകൃഷ്ണൻ (കടമ്മനിട്ട)
നാരായണമേനോൻ (വള്ളത്തോൾ)
രാമൻപിള്ള (സി. വി)
വാസുദേവൻനായർ (എം. ടി.)

2. വായനക്കാർ പുസ്തകം അന്വേഷിക്കാൻ സാധ്യതയുള്ള, പേരിന്റെ മററു രൂപങ്ങൾക്കു് സൂചനരേഖകൾ തയ്യാറാക്കുക. ഉദാ:

ഇളംകുളം കുഞ്ഞൻപിള്ള
കാണുക.
കുഞ്ഞൻപിള്ള (ഇളംകുളം)

O

3. വ്യക്തിനാമത്തിലല്ലാതെ തൂലികാനാമത്തിലോ മററു വല്ല പേരിലോ ആണ് ഗ്രന്ഥകാരൻ കൂടുതൽ അറിയപ്പെടുന്നതെങ്കിൽ ആ പേരു് തന്നെ ഉപയോഗിക്കുക.

ഉദാ: നന്തനാർ
മാടമ്പ് കുഞ്ഞുകുട്ടൻ
കോവിലൻ
മാധവിക്കുട്ടി

എന്നിട്ട് വ്യക്തിനാമത്തിൽനിന്നും ആ പേരിലേയ്ക്കു് വായനക്കാരെനെ തിരിച്ചുവിടാൻ സൂചനരേഖകൾ തയ്യാറാക്കുക. ഉദാ:

ഗോപാലൻ (പി. സി.)
കാണുക.
നന്തനാർ.

ശങ്കരൻ നമ്പൂതിരി (പി)
കാണുക.
മാടമ്പ് കുഞ്ഞുകുട്ടൻ

കുഞ്ഞുകുട്ടൻ (മാടമ്പ്)
കാണുക
മാടമ്പ് കുഞ്ഞുകുട്ടൻ.

കമല നാലപ്പാട്ട്
കാണുക
മാധവിക്കുട്ടി.

4. അക്ഷരങ്ങളിൽ മാത്രം അറിയപ്പെടുന്നവരുടെ മുഴുവൻ പേരുതന്നെ ഉപയോഗിക്കുക.

ഉദാ: ഭട്ടതിരിപ്പാട് (എം. ആർ)
എന്നിട്ട് അക്ഷരങ്ങൾക്ക് സൂചനരേഖ തയ്യാറാക്കുക.

ഉദാ: എം. ആർ. ബി.
കാണുക.
ഭട്ടതിരിപ്പാട് (എം. ആർ)

6. ഗ്രന്ഥകാരന്റെ എല്ലാ പുസ്തകങ്ങളും ആ ഗ്രന്ഥകാരൻ പല പേരുകളിലായാണ് പുസ്തകങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും നമ്മൾ കാററലോഗിൽ ആദ്യം രേഖപ്പെടുത്തിയ പേരിൽത്തന്നെ വീണ്ടും രേഖപ്പെടുത്തുക. എം. കെ മേനോൻ, ആ പേരിലും വിലാസിനി എന്ന പേരിലും ഗ്രന്ഥങ്ങൾ രചിച്ചി

ട്ടുണ്ട്. ലൈബ്രറിയിൽ വിലാസിനി എന്ന പേരാണ് ഉപയോഗിക്കുന്നതെങ്കിൽ കാററലോഗിൽ എല്ലാം ഗ്രന്ഥങ്ങൾക്കും ആ പേരുതന്നെ ഉപയോഗിക്കുക.

7. സ്ഥാനമാനങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളൊക്കെ ഉപേക്ഷിക്കണം. ഉദാ: ശ്രീമതി, കവിതിലകൻ, എം. എ.

8. പാശ്ചാത്യഗ്രന്ഥകാരന്മാരുടെ പേരിൽ അവരുടെ കുടുംബപ്പേരാണ് ആദ്യം ഉപയോഗിക്കേണ്ടതു്.

ഉദാ: ഡിക്കൻസ് (ചാൾസ്)
എലിയട്ട് (ജോർജ്)

## ഗ്രന്ഥകർത്തൃത്വം

ഒരാൾ എഴുതിയ പുസ്തകമാവുമ്പോൾ രേഖകൾ തയ്യാറാക്കാൻ പ്രയാസമില്ല. രണ്ട് ആളുകൾ ചേർന്ന് എഴുതിയതാണെങ്കിൽ രണ്ടു പേരുകളിലും കാർഡ് എഴുതണം.

ഉദാ: കോളിൻസ് (ലാരി) & ലാപിയർ (ഡൊമിനിക്)
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

ലാപിയർ (ഡൊമിനിക്) & കോളിൻസ് (ലാരി)
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

രണ്ടുപേരിൽ കൂടുതൽ ചേർന്ന് എഴുതിയ പുസ്തകമാണെങ്കിൽ ആദ്യത്തെ ഗ്രന്ഥകാരന്റെ പേരെഴുതിയിട്ട് 'മുതലായവർ' എന്നു ചേർത്താൽ മതിയാവും. ഗ്രന്ഥകാരന്റെ സ്ഥാനത്ത് സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ പേരാണ് ഉള്ളതെങ്കിൽ അതിനെ ഗ്രന്ഥകാരനാമം പോലെ കരുതണം.

ഉദാ: കേരള സംഗീത നാടകഅക്കാദമി
തെയ്യം.

കേരളം, നിയമസഭാ സെക്രട്ടേറിയററ്
ഭരണ റിപ്പോർട്ട് 1970–83

ഗ്രന്ഥകാരന്റെ പേരോ മററേതെങ്കിലും സൂചനയോ ഇല്ലെങ്കിൽ ആ ഗ്രന്ഥം ശീർഷകത്തിൽ രേഖപ്പെടുത്തിയാൽ മതി.

കാററലോഗ് നിർമ്മിക്കുന്ന ഒരാളിന്റ സമീപം പ്രൊഫസർ രംഗനാഥന്റെ 'ക്ളാസിഫൈഡ് കാററലോഗ് കോഡ്' എപ്പോഴും ഉണ്ടായിരിക്കണം. കാററലോഗ് നിർമ്മാണത്തെക്കുറിച്ചുണ്ടാകാൻ സാധ്യതയുള്ള എല്ലാ സംശയങ്ങളും ദൂരീകരിക്കാൻ ഇതു് ഉപയോഗപ്പെടും. പിന്നെ ജീവചരിത്ര നിഘണ്ടുക്കളോ സാഹിത്യകാര ഡയറക്ടറികളോ ഒക്കെ സമീപമുണ്ടായിരിക്കുന്നതു് ഉപയോഗപ്രദമാവും.

ഇനി നമുക്ക് രണ്ടു പുസ്തകങ്ങൾക്ക് കാററലോഗ് കാർഡുകൾ തയ്യാറാക്കി നോക്കാം.

ആദ്യപുസ്തകം: സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ

പ്രധാന രേഖ: O 32, 3M58, M CI

രാമൻപിള്ള (സി. വി.)
മാർത്താണ്ഡവർമ
38451.

ഉപരേഖകൾ:

ഗ്രന്ഥകാരസൂചനരേഖ:
രാമൻപിള്ള (സി. വി.)
മാർത്താണ്ഡവർമ
O 32, 3M58, M CI

ഗ്രന്ഥനാമസൂചനരേഖ:
മാർത്താണ്ഡവർമ
രാമൻപിള്ള സി. വി.
O 32, 3M58, M CI

വർഗ്ഗസൂചനരേഖകൾ:
രാമൻപിള്ള (സി. വി.), നോവൽ, മലയാളസാഹിത്യം.

ഈ വിഷയത്തിലെയും ഇതിനോടു ബന്ധപ്പെട്ട വിഷയങ്ങളിലെയും പുസ്തകങ്ങൾ വർഗ്ഗീകൃതവിഭാഗത്തിലെ താഴെ കൊടുത്തിരിക്കുന്ന വർഗ്ഗനമ്പർ കാണുക.

O 32, 3M58, M

നോവൽ, മലയാള സാഹിത്യം
ഈ വിഷയത്തിലെയും....
....കാണുക.
O 32, 3.

മലയാള സാഹിത്യം.
ഈ വിഷയത്തിലെയും....
....കാണുക.
O 32.

സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ: ലാരി കോളിൻസും ഡൊമിനിക് ലാപ്പിയറും എഴുതിയതിനെ ടി. കെ. ജി. നായരും എം. എസ്. ചന്ദ്രശേഖര



ന്നുമാണ്....

വാരിയരും ചേർന്നു് വിവർത്തനംചെയ്തു് ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ചതു്.

V2.N MO

കോളിൻസ് (ലാരി) & ലാപ്പിയർ (ഡോമിനിക്)

സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ. വിവർത്തനം: ടി. കെ. ജി. നായർ & എം. എസ്. ചന്ദ്രശേഖര വാരിയ ാ

കോളിൻസ് (ലാരി) & ലാപ്പിയർ (ഡൊമിനിക്)
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

V2.N MO

ലാപ്പിയർ (ഡൊമിനിക്) & കോളിൻസ് (ലാരി)
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

V2.N MO

നായർ (ടി. കെ. ജി) & ചന്ദ്രശേഖര വാരിയർ (എം. എസ്.) വിവ:

കോളിൻസ് & ലാപ്പിയർ
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

V.2N MO

ചന്ദ്രശേഖരവാരിയർ (എം. എസ്.) & നായർ (ടി. കെ. ജി.) വിവ:

കോളിൻസ് & ലാപ്പിയർ:
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ

V2.N MO

ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയത്തിനുള്ള വർഗ്ഗസൂചനരേഖകം നേരത്തെ എഴുതി കാററലോഗിൽ ചേർത്തിട്ടില്ലെങ്കിൽ അവയുംകൂടി തയ്യാറാക്കണം.